# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1037

10.06.2019-ലെ മറുപടി

## മല്ലപ്പള്ളി -ആനിക്കാട് കുടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| ശ്രീ.മാത്യു റ്റി.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മല്ലപ്പള്ളി -ആനിക്കാട് കുടിവെള്ള പദ്ധതിയുടെ ഏതെല്ലാം ഘടകങ്ങൾ പൂർത്തികരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതാക്കെയെന്നും വിശദമാക്കാമോ; | (എ) | മല്ലപ്പള്ളി -ആനിക്കാട് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണം 95% പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, പമ്പിങ് ലൈനുകൾ, ജല സംഭരണികൾ എന്നിവ ഉൾപ്പെട്ട പ്രവൃത്തിക്ക് കരാർ നൽകി പ്രവൃത്തികൾ ആരംഭിച്ചു. മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ (ഭാഗികം) പഞ്ചായത്തിലെ വിതരണ ശൃംഖല മൂന്നാംഘട്ട പ്രവൃത്തിക്ക് ആവശ്യമായ സർവ്വേ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാം ഘട്ട പ്രവൃത്തി റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI)-യിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ 2019 ജൂൺ മാസത്തോടെയും രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ 2020 മാർച്ച് മാസത്തോടെയും പൂർത്തീകരിക്കുവാൻ സാധിക്കും. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ നിലവിലുള്ള വിതരണ ശൃംഖലയിലൂടെ ജലവിതരണം നടത്തുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ